**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3482** **05-08-2021 - ൽ മറുപടിയ്ക്ക്**

**ആംനസ്റ്റി സ്കീമുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നികുതി കുടിശ്ശിക പിരിക്കുന്നതിനുള്ള ആംനസ്റ്റി സ്കീമുകൾ തുടർച്ചയായി പരാജയപ്പെടുന്നതിനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആംനസ്റ്റി സ്കീമുകൾ ഫലപ്രദമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എ) | ജി.എസ്.ടി.-ക്ക് മുൻപ് ഉള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടി.-യിലേക്ക് നൽകുന്നതിന്റെ ഭാഗമായാണ് കഴിഞ്ഞ വർഷം ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതനുസരിച്ച് വാറ്റ് നിയമത്തിന്മേലുള്ള നികുതി കുടിശ്ശികകളിൽ പിഴയും പലിശയും പൂർണ്ണമായും ഒഴിവാക്കി കൊടുക്കുകയും നികുതി തുകയിൽ ഇളവ് അനുവദിക്കുകയും ചെയ്തു. കഴിഞ്ഞ വർഷത്തെ ആംനസ്റ്റി പദ്ധതി പ്രകാരം ഒരു വ്യാപാരിയുടെ എല്ലാ വർഷങ്ങളിലെ നികുതി കുടിശ്ശികയും ഒരുമിച്ച് മാത്രമേ ആംനസ്റ്റി ഓപ്റ്റ് ചെയ്യാൻ സാധിക്കുമായിരുന്നുള്ളൂ. ഇത് പല വ്യാപാരികളും ആംനസ്റ്റി പദ്ധതി സ്വീകരിക്കാതിരിക്കുന്നതിന് കാരണമായി. ഇതിൽ നിന്നും വ്യത്യസ്തമായി ഈ വർഷത്തെ ആംനസ്റ്റി പദ്ധതിയിൽ വ്യാപാരികൾക്ക് ഓരോ വർഷത്തെയും നികുതി കുടിശ്ശികയിന്മേൽ ആംനസ്റ്റി ഓപ്റ്റ് ചെയ്യുവാനുള്ള അവസരം നൽകിയിട്ടുണ്ട്. ഇത് കൂടുതൽ വ്യാപാരികൾ ആംനസ്റ്റി പദ്ധതി സ്വീകരിക്കാൻ ഇടയാക്കും എന്നാണ് കരുതുന്നത്. |

സെക്ഷൻ ഓഫീസർ